ആവല്ലരിക്കുമൊരു ചില്ലകളിൽപ്പതിക്കെ-
ത്തൂവക്ത്രതാമര വികസിച്ചിതു തെല്ലുകൂടി. ൫

ത്തുമഞ്ജുളത്തളിരിണക്കൈചേർത്തണച്ചുമെന്നോ-
ട്ടാമന്ദമൊന്നുനതമായ്, മിഴിബന്ധമുപിന്നി,
വ്യോമസ്ഥലത്തെയതിപാവന മാക്കിടുംമാ-
റീമഞ്ജുളാംഗി മനോഹരമുത്തരിച്ചു:— ൬

"പ്രാണാധിനായക! ഭവൽപ്രണയാർദ്രനേത്ര-
ക്കോണാന്തവിന്നുതനിയുമൊത്തമതാമഹോ",
കാണായ്കയാലെയവിടുന്ന, മിദംവിചാരി-
ച്ചാണാത്മവല്ലഭ! ദിനങ്ങൾകഴിച്ചതീ ഞാൻ." ൭

ഹൃന്നാഥനേതുവിധമാണുമനോഹരം, ഞാ-
നെന്നാളുമപ്പടിനടപ്പതിനോർത്തുകൊള്ളാം.
എന്നാത്മപുത്രമഹിതമഹിതമാണെനിക്ക്
തിന്നാൾമുതല്ലിതറിയിപ്പതു ഞാൻ മഹാത്മൻ! ൮

നാലഞ്ചുനാളുകൾ കഴിഞ്ഞതു, നിസ്സർഗ്ഗരമ്യ-
ശീലാതിരേകധനമാളുമൊരപ്പുമാനെ
ത്തു, ലാള്യഗാത്രി നിജബന്ധുജനാവലിയാ- ൯
ശ്രീലാതിലാഷമോടു വല്ലഭനായ് വരിച്ചു.

ചെന്താമരാക്ഷിയഥ നിസ്തുലഭക്തിപൂർവ്വം
തൻതാതമാതൃപദതാരുകളന്നു കൂപ്പി,
കാന്താലയം പ്രതി സഭർത്തൃകയായ് ഗമിക്കെ,
ച്ചിന്താപരമ്പരപൊങ്ങുവതൊട്ടിയില്ല!! ൬൦

മുള്ളുംപരന്നുമുനകൂർത്തുപരുത്തകൂറ്റൻ
കല്ലുംനിറഞ്ഞവഴിയേയവർയാത്രചെയ്കെ,
അല്ലാതൊഴുംകഴലിസങ്കടമോതിയില്ല,
തെല്ലും; പ്രിയന്റെപരിചര്യകൾചെയ്തുപോന്നു. ൬൧

സാമ്യംവിനാസുരപഥത്തിലുയർന്നുകാണും
ഹർമ്മ്യങ്ങളുന്നതിയെഴും മണിഗോപുരങ്ങൾ,
രമ്യങ്ങളാമിതരവസ്തുചയങ്ങളൊന്നും
കാമ്യങ്ങളായ്കരുതിയില്ലവൾതെല്ലുപോലും. ൬൨

നീലാംബുജാക്ഷിനിജവല്ലഭപാദപാത
ശ്രീലാളിതച്ചെറുവെളിക്കടിൽമെന്നുപാറാൻ
സ്ഥൂലാശയാനടതുടർന്നു; മരന്ദവാണീ-
മാലാമണിസ്മിതരമിന്തകൾ വന്നതില്ല. ൬൩

പാലുംതൊഴുന്നൊരാഴിവല്ലഭനേത്തുടർന്നു
നാലഞ്ചുനാൾവഴിനടന്നവളെത്തൊടുക്കം
ചേലഞ്ചിടുന്നമണിമന്ദിരമൊന്നുകണ്ണി-
ന്നാലക്ഷ്യമായ്കമനിയൊന്നുപകച്ചുനിന്നു. ൬൪

മന്നാളുവോരുടെമഹിതാലയമാണുകാൺമ-
തെന്നാകൃഷ്വപകാരി പകച്ചുനിൽക്കെ
അന്നാകുലുല്യനിലയത്തിനകത്തുനിന്നും
വന്നാവധൂവരരെയാളുകൾ സ്വീകരിച്ചു. ൬൫

മത്യന്തരത്തിലതിഭക്തിയൊടത്രനിൽക്കും
ഭൃത്യർക്കുപോവതിനനുജ്ഞകൊടുത്തശേഷം
രീത്യന്തരങ്ങളിവകണ്ടുവിരണ്ടതന്റെ
പ്രത്യക്ഷദേവിയൊടുമാപതിയേവമോതി:— ൬൬

എന്നോമലേ! ഭവതിനേടിയഭർത്തൃഗേഹ-
മിന്നോളമോർത്തവിധമത്രദരിദ്രമല്ല,
നിന്നോടുഞാനിതുവരെപ്പൊളിയോതി,യെന്റെ
പൊന്നോമനക്കതൊന്നുപൊറുക്കയില്ലേ? ൬൭

നാൽപാദദാസനൊരുത്തനിലല്ല, പൂമാ-
തമ്പാൻപോററുമൊരുസൽപ്രഭുവംശ്യനത്രേ
വമ്പാളുമീയുതുലശേഷവുമിന്നതോർത്തേൻ
പൈമ്പാലുതോരുമൊഴിയെയൊരുദിച്ചുകൊൾക. ൮൮

പൊന്നിൽക്കൊതിച്ചുപുറകേയണയുന്നകള്ള-
ക്കണ്ണാൽക്കയോക്ഷികടെകൈയിലകപ്പെടാത്താൻ
മുൻനിശ്ചയപ്പടിയെട്ടാതുമാത്രമന്നി-
ക്കന്നാത്തരം, കാമനികൈതവമൊട്ടുമില്ല. ൮൯

ചൊല്ലാർന്നതന്റെ കണവർകളിലൊട്ടിലേവ-
മുല്ലാസപൂർവ്വമുരചെയ്തുകേട്ടനില്ലേ,
മല്ലായതാക്ഷിയുടെ മഞ്ജുളഫാലദേശം
നല്ലാതെവേർത്തു, കവിളാകെ വിളർത്തുവാടി. ൯൦

അമ്മാൻകിശോരമിഴിയെക്കനിവോടുതാങ്ങി
സ്സമ്മാന്യനായപ്രഭുനന്ദനനാദരിച്ചിട്ടും
അമ്മാതിരിസ്സുമധുരോക്തികളൊന്നുമപ്പോൾ
തന്മാനസവ്യസനശാന്തിവരുത്തിയില്ല. ൯൧

ആവാസരംമുതലവൾക്കുധരിത്രിയേതോ
പേവാച്ചുപാഴ്ചുടലയെന്നറിവായി പക്ഷേ
ജീവാധിനായകനെയോർത്തു വരാംഗി ഭൂവോ-
കാവാസഖേദമൊരുമട്ടുസഹിച്ചുവാണു. ൯൨

ഏതാനുമാണ്ടുകൾകഴിഞ്ഞൊരുപൈതലിന്നു
മാതാവുമായി; പരിശുദ്ധിയടഞ്ഞുപ്രൗഢി
പൂതാശയയ്ക്കുടൽചടച്ചുപടച്ചോട്ടക്കം
വീതാശമാണരുകഥയെന്നുധരിച്ചുകാന്തൻ. ൯൩

അന്നാളൊരിക്കലൊരുസന്ധ്യയിലന്നതാംഗി
തന്നാളിമാരെയകലത്തിലയച്ചുശേഷം
വന്നാളുവോരഴലിലാണ്ടരികത്തിരിക്കും
തന്നാഥനോട്ടുമതിയിവിധമോതിമന്ദം. ൯൪

ജീവാധിനായക! ഭവൽപദപത്മയുഗ്മം
സേവാസുഖൗഷധമഹാസുധയാസ്വദിപ്പാൻ
ഈവാസരാവസിതമാംസുഖവേളയോളം
ഭൂവാസമാർന്നു ചരിതാർത്ഥതനേടിനേൻ ഞാൻ. ൯൫

മാനംവിനാമനുജരേതിനുവേണ്ടിയാത്മ-
ശോണംപൊഴിപ്പു ധനമാത്രഭാഗ്യമൊന്നിൽ
ഈനമ്മമാംതമ്മിലനുരക്തകളൊപ്പമുണ്ടു
ഞാനങ്ങയേപ്രണയഭാജനമായ് വരിച്ചു. ൨൬

എന്നാലെനിയ്ക്കുമഭിരമ്യമതാത്മവൃത്ത-
മെന്നാദ്യമായറിയുവാനിടവന്നതെന്നോ?–
എൻനാഥനെൻതണലിലോറിയഭാഗ്യഭാര-
മെന്നാണുമാന്തരതളത്തിനിലന്നുവീഴ്ത്തി? ൨൭

ഞാനാദരത്തൊടുവളർത്തിയരാഗപത്മ-
മന്നാളുതൊട്ടിതൾകൊഴിഞ്ഞുകൊഴിഞ്ഞിദാനീം
ഹാ; നാഥനോടുയരുമുത്തമഭക്തിയാമ-
നൃനാഭമേന്നുമളികർണ്ണികമാത്രമായി!! ൨൮

ദാരിദ്ര്യഘോരമരുഭൂവിൽവളർന്നഞാനാ-
യോരീവാടംചെടിപുറാപിഴുതെൻറകാന്തൻ
ഭൂരിപ്രശീതമലർവാടിയിൽവച്ചുവെള്ളം
കോരിച്ചിരംപരിചരിച്ചതുമൗഢ്യമല്ലി? ൨൯

വാത്സല്യംസഹനശീലസുധീരമേന്തി-
ദ്ദാരിദ്ര്യമാമിരുളൊഴിച്ചിവൾപോയിടുമ്പോൾ
ചാരത്തൊളിച്ചമരുവീടിനഭാഗ്യഭ്രാന്തം
നേരിട്ടടുത്തു; ഭയമന്നുതളർന്നുവീണേൻ. ൩൦

എന്നാകിലുംപ്രിയനുവേണ്ടിമദീയജന്മ-
മിന്നാൾവരെത്തുടരുവാനിടയാകമൂലം,
വിൺനാടണഞ്ഞിടുവതിന്നവകാശമേതാ-
ണ്ടന്നാത്മശാരികചിരാദിഹനേടിയല്ലോ. ൩൧

എൻപത്മനേത്ര! തവജീവിതനാടകത്തിൻ
ദാമ്പത്യരംഗമിതമംഗലപൂർണ്ണമായി.
വൻപങ്കമാർന്നമമസ്മൃതിമേലിലങ്ങേ—
സ്സമ്പന്നജന്മമഴലാക്കരുതെന്നപേക്ഷ. ൩൨

നല്ലാരിൽമൗലിയുടെനാവുകുഴഞ്ഞു; പൂമെയ്
വല്ലാതെയൊന്നുവിറയാർന്നുതളർന്നടങ്ങി.
എല്ലാമിനിപ്പറവതെന്തിനു; കൂട്ടുകൈവി-
ട്ടുല്ലാസപൂർണ്ണമൊരുശാരികപോയ്മറഞ്ഞു! ൩൩

# പൂനിലാവിൽ

ഇ. മാധവൻ നായർ I Class.

മാനസിംഹരാജാ തന്നെത്താൻ ചിന്തിക്കുന്നു.

"മാനസിംഹാ! അങ്ങയുടെ ഭാഗ്യനക്ഷത്രം ഇതാ ഉദിച്ചുപൊങ്ങിയിരിക്കുന്നു. അങ്ങയുടെ പ്രതാപപ്രഭാവങ്ങൾ ലോകമൊട്ടുക്ക വിഖ്യാതമായിത്തീർന്നിരിക്കുന്ന കാലമാണിതു്. ബംഗാൾ മുതൽ കാബൂൾ വരെ അങ്ങയുടെ ഖഡ്ഗം വിജയരക്തത്തെ ചിന്തി ചിന്തിക്കഴിഞ്ഞു. മുഗൾ സാമ്രാജ്യത്തിന്റെ വിഖ്യാതമായ നിലയ്ക്കു അങ്ങ് ആധാരമായി. താതിന്റെ സകലശ്രേയസ്സിനും നിദാനം അങ്ങുതന്നെ. അങ്ങയുടെമുമ്പിൽ ചക്രവർത്തി പോലും വിറപൂണ്ടു പകച്ചുനിന്നുപോകുന്നു. എന്തിന് അങ്ങുതന്നെ ഭാരതീയജനാവലിയുടെ ഹൃദയവേദിയിൽ ആരോഹണം ചെയ്തിരിക്കുന്നതു്. ഇതിൽ അധികമായി അങ്ങു എന്താഗ്രഹിക്കുന്നു. അങ്ങു എല്ലാതന്നെ ആവശ്യപ്പെടട്ടെ. ഹാ! ആ കഠോരമായവാക്ക്! എന്റെ ആഗ്രഹം! അവ ഇപ്പോഴും നിരവധി തന്നെ. എന്റെ ആഗ്രഹം. കഷ്ടം ഹൃദയത്തിൽ സമാധാന സമീരണൻ സങ്കല്പശക്തിക്കുകൂടി വിട്ടുതിരിച്ചിരിക്കുന്നു. എന്നിട്ടും ഇതാ! അങ്ങയെ മാലോകർ പരിഹസിക്കുന്നു മുകില വംശജകന്നു നിന്റെ സഹോദരിയെ ദാനം ചെയ്യുന്നതിൽ അവരിതാ മുക്തകണ്ഠം അപഹാസഗാനം ചെയ്യുന്നു. പ്രതാപൻ! പ്രതാപൻ!! നിന്റെ അഹങ്കാരകോലാഹലം ഒരു ദിനം നിലവറക്കുണ്ടിലെ ഏകനെൻമണിയെന്നപോൽ നിലച്ചുപോകും. അങ്ങയുടെവിശ്വവിഖ്യാതമായകീർത്തി ഭാസ്കരബിംബത്തെ നീ, രാഹുവെന്നപോൽ ഗ്രസിച്ചുകഴിഞ്ഞു. അതിനു അനിതമായ കളങ്കത്തെ നീ ജനിപ്പിച്ചു. അപഹാസാപമാനത്തിൽ നീ അങ്ങയെ അടിമലത്തിക്കഴിഞ്ഞു. അതേ നീയും നിന്നുകൊണ്ട് ക്ഷ അതിനൊരിക്കൽ ഈശ്വരുള്ളവന്റെ മുമ്പിൽ കൈകൂപ്പി ... പോട്ടെ. ആരാണു ആ വരുന്നതു. ആ മായാചന്ദ്രം ഓതാതിരിക്കയില്ലതന്നെ. പോട്ടെ. ആ പെൺമണി ഏതാണു."

തങ്ങളോർത്തതുപോൽ ഉള്ള കണ്ടുനാളത്തെ അല്പമൊന്നു കനിച്ചു മന്ദാമന്ദം ലീലാലോലുപമാനസക്കു രാമാകരന്ദത്തെ ചൊരിഞ്ഞുള്ള മത്തേഭനടയോടെ സമീപിക്കുന്ന അവാം ആരുതന്നെയാവോ! ഉജ്ജ്വലരോഹണങ്ങളായ കവിൾത്തടങ്ങൾ സ്വായത്തമായ പാടലനിറത്തോടു, അത്യന്തമായ ഉള്ളത്താലെന്നവണ്ണം അരുണവർണ്ണം പൂണ്ടു, പാവം! ദയനീയമായിരിക്കുന്നു. മാനസിംഹസിംഹനെ കണ്ടമാത്രയിൽ അവളുടെ നീലനീളനയനങ്ങളിൽ പെട്ടെന്നു ഹൃദയകവാടം ഭേദിച്ചുകൊണ്ടു ചുടുനീരയരുകയും പ്രാതഃകാലത്തു ഇളംതളിരുകളിൽ തിളങ്ങി വിളങ്ങുന്ന വികസിതമായ ചെന്താമരയുടെ

ഹിമകണമെന്നപോൽ അവളുടെ കപോലതടങ്ങളിലുരുണ്ടു്, അന്തർഭാഗത്തിലേക്കുള്ള ബാഷ്പകണങ്ങളുടെ ഗതിയും മാനസിംഹന്റെ ഹൃദയദീപത്തെ ആപൽശങ്കയോടെ ആളിക്കത്തിച്ചു.

"അവൾ എന്നെ സമീപിക്കയാണോ എന്തു! ഹാ! അല്ലാ. ആ മോഹനമൂർത്തി അവിടെത്തന്നെ നിന്നു കഴിഞ്ഞിരിക്കുന്നു. ആരിവൾ?"

മനോദുഃഖത്തിന്റെ ഇരിപ്പിടമായിട്ടത്രേ അവൾ മാനസിംഹനു ദൃശ്യമായതു്. അവളുടെ അനിതരസാധാരണമായ മോഹനസൌന്ദര്യത്തെ ആ ദുഃഖഭാരഭാവം ശതഗുണീഭവിപ്പിക്കുന്നുമുണ്ടു്.

"അടുത്തുവരൂ. കുട്ടീ. എന്തിനു ഭയപ്പെട്ടു പകച്ചു നോക്കുന്നു. ഞാൻ രാജപുത്രനായ മാനസിംഹനത്രേ. സ്ത്രീവർഗ്ഗത്തെ മാനിക്കുവാൻ രാജപുത്രൻ നല്ലവണ്ണം പരിശീലിച്ചിട്ടുണ്ടെന്നു; കുട്ടീ! ഞാൻ പറയണമോ!

"ഞാൻ ഭയപ്പെട്ടുവോ! അതുവെറും വ്യാജം തന്നെ"

മാനസിംഹന്റെ പുരികക്കൊടി വിറപൂണ്ടു "എന്തു്! ധാർഷ്ട്യമുള്ള പെണ്ണേ! മാനസിംഹൻ വ്യാജം പറഞ്ഞുവെന്നു ശബ്ദിക്കുന്ന ആ പെണ്ണു നീ തന്നെയോ."

"അതില്ല! പരിതാപകരമത്രേ മാനസിംഹന്റെ നില".

"എടീ പൈതലായ നീയോ ഭാരതസാമ്രാജ്യം മുഴുവനും കിടുകിടവിറപ്പിക്കുന്ന മാനസിംഹനെ മര്യാദ പഠിപ്പിക്കുന്നവൾ. നിന്റെ ധീരതയിൽ ഞാൻ ആശ്ചര്യപ്പെട്ടുപോകുന്നു നിന്റെ നല്ലകാലം- എടീ ഏതുവിധത്തിലും നീ രക്ഷിത തന്നെ. മാനസിംഹരാജന്റെ ഖഡ്ഗം പെൺകുലത്തിന്റെ രക്തചൊരിച്ചിലിനാൽ മ്ലാനപ്പെടുന്നതല്ലാ."

"എന്തു! ഒരു സഹോദരന്റെ രക്തം അതിലും നികൃഷ്ടമെന്നോ അങ്ങയുടെ ഖഡ്ഗരാക്ഷസൻ ആ രക്തപാനത്തിൽ ഇനിയും കൊതിപൂണ്ടു സന്തൃപ്തനായിട്ടില്ലാത്തതെന്തു്! കഷ്ടം"

"പഴങ്കഥയൊന്നും കേൾക്കണ്ടാ. സുന്ദരിയായ യക്ഷീ!"

"ഒരിക്കലുമല്ലാ അങ്ങയുടെ വംശജസോദരരായ രജപുത്രരോടു അങ്ങ അങ്ങയുടെ ഖഡ്ഗം എത്ര തവണ ഉയർത്തിയിരിക്കുന്നു. ഹിന്ദുക്കളുടെ ആരാധനാപാത്രമായി ധീരവീരനായി രാജപുത്രമകുടരത്നമായിരിക്കുന്ന പ്രതാപനു എതിരായി അങ്ങു മാംസഭുക്കുകളായ മുകിലഗണത്തിനു സഹായിയായിട്ടല്ലേ പെരുമാറിയതു! പെരുമാറുന്നതു്.

"ആ നശിച്ച നാമധേയം നമുക്കു കേൾക്കേണ്ടാ! എന്തു! നിന്റെ വാഗ്

ത്തെപ്പോലും ഞാൻ വിസ്മരിച്ചേക്കാം."

"അതിൽ ഒട്ടും ആശ്ചര്യമില്ല" "മാതൃഹത്യ ചെയ്ത ഒരു പരമദുഷ്ടന്നു ഒരു സ്ത്രീയുടെ ജീവനാം തീർച്ചയായും വിലയുള്ളതല്ലാ"

"നിർത്തു"! നിർത്തു"! നിന്റെ പ്രലപനങ്ങൾ അധികരിച്ചുപോകുന്നു."
മാനസിംഹൻ ഖഡ്ഗം അരയിൽ നിന്നും ഊരി.

മാനസിംഹാ! എന്നെ നിശ്ശബ്ദയാക്കുവാൻ ഈ വാളിന്റെ പ്രത്യ
ക്ഷതയാൽ സാധിക്കുന്നതല്ലാ. ഈ കണ്ഠത്തിലേക്കു അതിനെ പതിപ്പി
ച്ചാലും. അങ്ങയുടെ മിനാത്തിലുള്ള ഖഡ്ഗത്തെ നോക്കു പ്രിയമാതാ
വിന്റെ രക്തച്ചൊരിച്ചലിനാൽ ആ ഖഡ്ഗം ഇപ്പോഴും ശോണവർണ്ണം
പകർന്നിരിക്കുന്നതു് അങ്ങു കാണുന്നില്ല അല്ലേ."

"ഭ്രാന്തുപിടിച്ച മൂധേവി"

"ഭ്രാന്തോ! കൊള്ളാം. മുകിലർക്കുവേണ്ടി അങ്ങയുടെ ഓരോ ഖഡ്ഗ
നിപാതവും അങ്ങയുടെ ഓമനഭാരതമാതാവിന്റെ ഓരോ അവയവത്തെ
അപായപ്പെടുത്തുന്നതല്ലെന്നുണ്ടോ. ആ കഠിനകയ്യു്! ആ മാതാവു ഈ നി
ഷ്ഠുര നിന്ദയെ ഒരിക്കലും വിസ്മരിച്ചുപോകുമെന്നു അങ്ങു കരുതുകയേ
വേണ്ടാ!"

"നിശ്ശബ്ദം ഭയങ്കര രാക്ഷസീ; നിന്റെ സൗന്ദര്യം നിന്നെ ആപത്ത
ൽനിന്നും രക്ഷിക്കുമെന്നു തോന്നുന്നില്ലാ. അതു എന്നെ വശീകരിക്കാൻ പ
ര്യാപ്തമല്ല. ഞാൻ ഒരു മുകിലഹൃദയനല്ലെന്നു നീ ധരിച്ചോ. ദുഷ്ടേ."

"ഹാ! അങ്ങു മുകിലരെ വെറുക്കുന്നുവോ. എന്നാൽ അങ്ങു അങ്ങയുടെ
സോദരിയെ ആ മുകില പ്രമാണിക്കു ബലികഴിച്ചതെന്തു്. അങ്ങു മുകിലരെ
അല്ലേ ഇപ്പോഴും സഹായിക്കുന്നതു്. പ്രതാപസിംഹൻ അങ്ങയോടു എന്തു
കുറ്റമാണു് ചെയ്തതു്. അക്ഷന്തവ്യമായ ആ തെറ്റു എന്തുതന്നെ? അങ്ങേ
ക്കു നിരസിക്കുവാൻ ശക്തിയും ധീരതയും ഇല്ലെങ്കിൽ പ്രതാപൻ ധീരത
യോടെ അവയെ പ്രതിഷേധിച്ചതോ അദ്ദേഹത്തിൽ ചേർത്തിട്ടുള്ള കടപ്പാടു്
അമ്പോ മനുഷ്യരുടെ മനഃസ്ഥിതിയുടെ മഹിമ!

മാനസിംഹൻ ക്രുദ്ധനായി മുമ്പോട്ടടുത്തു.

"കുടിലേ നീ മരിക്കതന്നെ ചെയ്യും."

ഒരു രജപുത്രി മരണത്തിൽ തരിമ്പും കൂസലുള്ളവളല്ലെന്നറിഞ്ഞാ
ലും"

"രാജപുത്രി"

"അതെ ഞാൻ രജപുത്ര സ്ത്രീതന്നെ"

മുന്നോട്ടടുത്തുവരൂ. നിന്റെ ധാർഷ്ട്യ

"എന്തു! രാജപുത്രിയോ കഷ്ടം!

ത്തെ ഞാൻ മറക്കാം. നിന്റെ മുഖത്തെ ഞാൻ പരിശോധിക്കട്ടെ. ഈ പൂനിലാവിൽ നിന്റെപൂമുഖത്തെ ഞാൻ ദർശിക്കട്ടെ. ഹാ!നിന്റെ മധുരസ്വരം എനിക്കു പരിചിതമായി തോന്നുന്നു. കുട്ടി! നീ ആരാണ്. ഈ പെൺ സിംഹം ഈ പൂനിലാവിൽ സൈ്വരമായി വിഹരിക്കുന്നതു വിരഹ ദുഃഖത്താലോ അതിനല്ല കാരണം: അക്ബർ ചക്രവർത്തി കൂടിഭയപ്പെടുന്ന മാനസിംഹനെ വ്യാജനെന്ന് ഉൽഘോഷിച്ച ആ.സിംഹിയെ ഞാൻ അറി-യാതെ ഇരിക്കയോ."

"ഭയപ്പെടുന്നെന്നോ. അല്ല. അക്ബർ ചക്രവർത്തി നിന്ദിക്കയത്രേ ചെ-യ്യുന്നതു കഷ്ടം."

"അവനു അതിനു ധൈര്യമില്ലാ. എന്റെ കുട്ടി. അവന്റെ സിംഹാ-സനത്തിന്റെ ഉത്തരഭാഗത്തിൽ നിലകൊള്ളുന്ന മാനസിംഹരാജാവിനെ അവനു നല്ലവണ്ണം അറിയാം. പിന്നെ അവൻ ആരെ ഭയപ്പെടും ആരെ ബഹുമാനിക്കും ആരെ സ്നേഹിക്കും നിനക്കു ഹൃദയമെ കമ്പം കമ്പം."

"അക്ബറിന്റെ ശക്തിയിൽ കീഴ്പ്പെട്ടുപോയവനെ അക്ബർ ബ-ഹുമാനിക്കുന്നില്ല. ഭയപ്പെടുന്നില്ല സ്നേഹിക്കുന്നതുമില്ല. അദ്ദേഹത്തിന്റെ അധികാരശക്തിയിൽ കീഴ്പ്പെട്ടു തല പൊക്കാതെ കണ്ണുനീർ പൊഴിക്കു-ന്ന ഒരുവനെ അദ്ദേഹം ഭയപ്പെടണമെന്നോ കൊള്ളാം എവിടെ കേട്ട ന്യാ-യം! ആശ്ചര്യത്ത മുറ! പിൻഭാഗത്തുനിന്നു താങ്കളെ പ്രോത്സാഹിപ്പിക്കു-ന്നവെങ്കിൽ, ധീരതയോടെ സ്വജീവനത്തെ ബലികഴിപ്പാൻ ഒരുങ്ങിയിരി-ക്കുന്ന ശത്രുക്കളെയത്രേ അക്ബർ ബഹുമാനിക്കുന്നതു്. ഭീരുത്വവും ജീവ-നിൽ കൊതിയും ഉള്ളവരെ അക്ബർ ആത്മനാ വെറുക്കുന്നു."

നിൽക്കു്! നിൽക്കു്! മറാഷ്ട്രരുടെ ക്ഷമക്കതിരിടുന്ന പെണ്ണേ. നീ പ്രതാ-പന്റെ ഓറുകാരിയോ ചട്ടപ്രകാരം ഞാൻ നിന്നോടു പെരുമാറും നി-ന്റെ ജീവൻ പന്നയത്തിലായിക്കഴിഞ്ഞു."

ഇതുപറഞ്ഞു കഴിഞ്ഞുടനെ ആ മാനസിംഹരാജൻ പെൺകുട്ടിയു-ടെ കരതലത്തിൽ ബലമായിപ്പിടിച്ച് മൂടുപടത്തെ തട്ടി ദൂരെ മാററി ഓ പ്രമാദമായ ജഗജ്യോതിസ്സിന്റെ പ്രഭാപൂരവിതരണത്തോടു കൂടി ചന്ദ്ര ബിംബം മ്ലാനമായിക്കഴിഞ്ഞു

"എന്തു്: ജോധ്പുരി ദേവിയോ!"

"അതെ"

"പ്രിയസോദരി! എന്തിതു: മന്മതിഭ്രാന്തിയോ! ഞാൻ സ്വപ്നാട-ന ലോകത്തിലെന്നോ വാസ്തവം?

"അല്ലാ. ഞാൻ ജോധ്പുരി തന്നെ."

"സോദരി! ക്ഷമിക്കു പ്രിയസോദരി ക്ഷമിക്കു. ഹിന്ദുസ്ഥാനചക്രവ-ർത്തിനിയെ! ഭാവി ഭാരതാധിപതിയെ! ക്ഷമിക്കു എന്നാൽ എന്തൊരു മനോ

വ്യഥയാണ ഭവതിയെ അവശതപ്പെടുത്തിയിരിക്കുന്നതു്."

"ഹാ! മാനസിംഹാ അതു ഗ്രാഹ്യമല്ലായിരിക്കാം."

"ഭവതി! സോദരി! നീ എന്നെ പരിഭ്രമപ്പെടുത്തുന്നു. സൌഭാഗ്യ സോപാനത്തിൻെറ ഉന്നതപടിയിൽ ആരോഹണം ചെയ്തു ആനന്ദമകരന്ദമനുഭവിച്ചു ലോകേശ്വരിയായി വാഴുന്ന ഭവതി ഈ പറയുന്നതെന്തു വാസ്തവം എന്താണിതു്?"

"മാനസിംഹാ! നീ എന്തിനാണ് എന്നെ അഗ്നികുണ്ഡത്തിലേക്കു നിഷ്ഠൂരണം എറിഞ്ഞു കളഞ്ഞതു്?"

"വിശദമായി പറയൂ. കഷ്ടം! ഞാൻ വിഷമിക്കുന്നു. എനിക്കു ഒന്നും തന്നെ മനസ്സിലാകുന്നില്ല."

"ഞാൻ പറഞ്ഞേക്കാം. എന്തിനാണു അങ്ങു എന്നെ മുകിലക്കു വിട്ടുകൊടുത്തതു്."

"ഹാ! ഇതാണോ! സോദരി! ഭവതിയുടെ ഏകസുഖത്തിനായിക്കൊണ്ടു തന്നെ."

"എൻെറ സുഖമെന്നോ. കഷ്ടം! എന്നെ ബലികഴിച്ചു നീ നിൻെറ നില നന്നാക്കുവാൻ നിനച്ചു. നീ ഈ കടുംകൈ ചെയ്തു കഴിഞ്ഞു. ഈ സോദരഹൃദയം ഇത്രമേൽ വിഷപൂരിതമോ? ആ ക്രൂരസർപ്പം ഇനിയും ആരേയും തൻെറ വിഷപൂരിതമായ ദർപ്പത്താൽ ദംശിക്കാതിരിക്കട്ടെ."

"പ്രതിഫലം വളരെ നന്നായി. ഈശ്വരാ ഇതൊ നിൻെറ ക്രിയയുടെ ഫലം ഇതോ ഫലം ഇതോ വിധി."

"അതേ. നിൻെറ അഹങ്കാരം നശിച്ചു കഴിഞ്ഞിരിക്കുന്നു. എന്നിട്ടും നീ നിൻെറ പ്രിയ സാധുസോദരിയെ കഷ്ടപ്പെടുത്തുന്നതെന്തിന്. ഒന്നുമില്ലെങ്കിൽ വധത്തിനു നിൻെറ ക്രൂരമനസ്സു വിധിക്കട്ടെ."

''സാധു! ദൽഹിയിലെ ചക്രവർത്തിനി സാധുവോ!"

"എന്തുകൊണ്ടല്ലാ. ഈ പണം പിണമാണെന്നു നീ മനസ്സിലാക്കിട്ടില്ല. ധനത്താൽ പരിപൂർണ്ണത സിദ്ധിക്കുന്നില്ല. ഈ പരിചരണം നീ ബാല്യകാലത്തിൽ തന്നെ എനിക്കു വശമാക്കാതെ ഇരുന്നതെന്തു്? ധനത്തെ തൃണവൽക്കരിക്കുന്ന ഹിന്ദുധർമ്മമാണ ഞാൻ സ്വീകരിച്ചിട്ടുള്ളതു്. നിന്നെപ്പോൽ ധർമ്മം ധിക്കരിക്കുന്ന നിർധന ധീരയല്ലിവൾ. അതിൽ കണ്ണുന്നത്തളിക്കയുമില്ലാ. മാനസിംഹാ! നിൻെറ ജ്ഞാനകോശം ചുരുങ്ങിയതു്!"

''കഷ്ടം! ജോധ്പുരി· നീ എന്തറിയുന്നു. വിശ്വവിഖ്യാതനായ അക്ബർ പാദുഷായുടെ അന്തഃപ്പുരത്തിൽ സ്വർണ്ണനിർമ്മിതമായ മഞ്ചത്തിൽ സസുഖം ജീവിതം കഴിക്കുന്ന നീ ഇതൊക്കെ പറയുന്നതെങ്ങിനെ. ഇതോ നീ എനിക്കു തരുന്ന പാരിതോഷികം കൊള്ളാം നിൻെറ ഹൃദയം ഒരി

ക്കലും മെച്ചമല്ല രാജത്വത്തിൽ ധർമ്മവും ജാതിയും നീ കണക്കാക്കുന്നു."

"മതി. ഞാൻ വിദുഷിയല്ല. നിങ്ങളോട് വാഗ്വാദം ചെയ്യുവാൻ ഞാൻ ഒരുക്കവുമല്ല. എന്റെ ഭൂതകാലത്തെ ധർമ്മചിന്തയും ജ്ഞാനബുദ്ധിയും ഇന്നത്തെ പരിതസ്ഥിതിക്കനുകൂലമല്ല. സുഖവിഷയാസക്തിപരമായ സൌഭാഗ്യസമ്പത്ത് നരകാഗ്നിപോൽ അഹോരാത്രം എന്റെ ദേഹത്തേയും ദേഹിയേയും വരട്ടുന്നു. നീയോ ഉത്തരോത്തരം പ്രശസ്തി സമ്പാദിപ്പാൻ ഏതു കുത്സിതമാർഗ്ഗത്തേയും അനുകരിക്കുന്നു. ഇതൊക്കെ ഞാൻ മൂലം തന്നെ. ഈ കനകവും കാമിനിയും കാരണം കാലസന്ധികൾ കലങ്ങിപ്പോയില്ലേ! നിന്റെ അധികാരാതിർത്തിയിലെ ഒരു സാധു രജപുത്രനു നീ എന്നെ വിവാഹം ചെയ്തിരുന്നെങ്കിൽ—. ഒരു കൈസ്വർണ്ണക്കാശിനുവേണ്ടി ആ പ്രഭാപ്രശോഭിതമായ ദാമ്പത്യസുഖം ആ നവപുഷ്പിത ജീവിതസുധാ നീ നശിപ്പിച്ചു. ആ പുഷ്പത്തിന്റെ ഓരോ ദളവും നികൃഷ്ടമായ സ്പർശനത്താൽ വാടിക്കരിഞ്ഞു നശിച്ചുകഴിഞ്ഞവിവരം നീ എന്തറിയുന്നു ശാന്തം! പാപം!: ആ പ്രതാപന്റെ സഹധർമ്മപത്നീസ്ഥാനത്തിൽ ഞാൻ വർത്തിച്ചിരുന്നെങ്കിൽ!——"

"പ്രതാപാ! ഇപ്രകാരംതന്നെ അന്നു നീ പറഞ്ഞത്. ഞാനതു നിരസിച്ചുകഴിഞ്ഞതില്ലേ."

"സോദരാ! നിന്റെ പാപങ്ങൾ നശിച്ചുപോകാൻ ഞാൻ ഇന്നു സർവ്വേശ്വരനോട് പ്രാർത്ഥിച്ചു."

"ക്ഷമിക്ക സോദരീ ക്ഷമിക്ക. പ്രിയസോദരീ"

"അതെ പശ്ചാത്താപം തന്നെ സിദ്ധൌഷധം. എന്നാൽ ഭാരതമാതാവു നിന്റെ അപരാധത്തെ ക്ഷമിക്കുമെന്നോ!"

"ഞാനെന്താണു ചെയ്തിട്ടുള്ളത്. വെറും മണൽത്തരികളിലോ എന്റെ നാമധേയം കൊത്തിയിരിക്കുന്നത്. ഞാനിത്ര പാപിയോ".

"കഠിനമേറിയ ശിലയിൽ പ്രതാപന്റേയും" ഹാ! ഹതവിധിയേ! എന്റെ സകലശ്രേയസ്സും ഇതുപോലെ തന്നെയോ കഷ്ടം!"

"ചരിത്രം അതുപേക്ഷിക്കാതെയിരിക്കയില്ല."

മാനസിംഹൻ ആലോചനാപരനായി അങ്ങിങ്ങു നടന്നു. അദ്ദേഹത്തിന്റെ ഹൃദയം താൻ അക്ബറിനുവേണ്ടി ചെയ്തിട്ടുള്ള ഓരോ കടുംകൈയിനേയും പ്രത്യക്ഷപ്പെടുത്തി നിരൂപണം ചെയ്തു തുടങ്ങി. ഭാരതമാതാവിന്റെ രോഷപൂരിതമായ മുഖം അയാളുടെ കൺമുമ്പിൽ ദൃശ്യമായി. തന്റെ മാതാവിനോടു ചെയ്ത അപരാധചിന്തയാൽ അയാളുടെ മുഖം മ്ലാനമായി. അയാളുടെ അക്ഷികൾ തന്നെത്താൻ അടഞ്ഞു. വീരബാഹുക്കൾ അപരാധകരമായ രക്തച്ചൊരിച്ചിലിന്റെ വിചാരത്തോടുകൂടി വിറച്ചു. ഹൃദയസീമ തരംഗതാലോലിപ്പുപോലെ ഇളകി. പശ്ചാത്താപാഗ്നി

യിൽ അയാൾ ദഹിച്ചു. എന്നാൽ ജോധ്പുരി സ്വസ്നേഹവേദനയായി സുഖസഞ്ചായകമായ വിലാസകിരണങ്ങളെ ചൊരിഞ്ഞ ഭാഗ്യചന്ദ്രബിംബത്തെ നിരാശയോടെ നോക്കിക്കൊണ്ടിരുന്നു.

‘‘ഹാ! എന്തൊരു മനോഹരമായ പൂനിലാവൊളിയാണ് ആ പൂർണ്ണചന്ദ്രൻ പൊഴിക്കുന്നത്’’. ജോധ്പുരി പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. ‘‘രാജപുത്രനഗരത്തെ ഇത് എത്ര മേൽ മനോഹരമാക്കിച്ചെയ്യുന്നു ഇതുപോൽ മാനസിംഹനും പ്രതാപനും ഒന്നുചേർന്ന കീർത്തികാന്തികയാണ് നാളെ പ്രഭാതത്തിൽ ആ നഗരത്തിൽ ഉദിക്കുന്നത് എന്നുവരികിൽ ഹാ! എന്റെ ആനന്ദം അനിർവചനീയമായിരുന്നു. കഷ്ടം ആ നഗരത്തിന്റെ നശിച്ച കഴിഞ്ഞ വിലാസം ഒന്നുകൂടി ജാതമാകട്ടെ പ്രതാപാ! ആ പ്രവൃത്തിയിൽ നീ വിജയിക്കട്ടെ.

‘‘സോദരീ! മതിയാക്കൂ മതിമതി എന്നോട് ഒരക്ഷരം ഇതിനെപ്പറ്റി പറയേണ്ട’’ മാനസിംഹൻ പെട്ടെന്നുള്ള നിശ്ചിതബുദ്ധിയോടെ പറഞ്ഞു. ഒന്നുകിൽ ഞാൻ യുദ്ധം ചെയ്തു മരിക്കും അല്ലെങ്കിൽ അക്ബർ ഭാരത ചക്രവർത്തിയായി വാഴും സകലരാജപുത്രരും അദ്ദേഹത്തിന്റെ പാദസേവ ചെയ്യും. പ്രകൃതിപോലെയല്ല വികൃതികൾ ഈ പ്രഭാതം അന്ധകാരാവൃതമായ കാളരാത്രിയായ് പ്രതാപനു പരിവർത്തനപ്പെടും

‘‘മാനസിംഹാ ഭദ്രം ഈ പൂനിലാവിന്റെ മാധുര്യവും ആസ്വാദ്യതയും നീ നശിപ്പിക്കേണ്ടാ. നിന്റെ ഈ രോഷം അവസാനിപ്പിക്കാൻ രാജപുത്രരില്ലെങ്കിൽ അവരുടെ അന്തഃപുരസ്ത്രീകൾ കണ്ടേക്കാം സൂക്ഷിച്ചോ. രാജ്യത്തിനു വേണ്ടി സോദരത്വം പ്രത്യക്ഷപ്പെടുകയില്ല. ഹിന്ദുരാജ്യം രാജപുത്രരുടേതാണ്. അവരുടെ ഉടമസ്ഥത എന്നെന്നും ‘നിലനില്ക്കുകയും ചെയ്യും. അതിനു വിപരീതമായി മാനസിംഹാ! നീ പ്രവർത്തിക്കരോ.’’

‘‘ഉവ്വ്’’ നിശ്ചയമായും. രാജപുത്രവംശം നശിക്കയോ എന്റെ തല ഉടലിൽനിന്നും വേർപെടുന്നതുവരെയോ ഞാൻ ഈശ്വരൻ സാക്ഷിയായ് അക്ബർപാദ — — — ’’

‘‘മതി ദുഷ്ടാ വംശഘാതകാ’’ എന്നിത്ര ഒരു അസാധാരണ ശബ്ദഘോഷം ജോധ്പുരിദേവിയുടെ വദനഗഹ്വരത്തിൽ നിന്നും പുറത്തുചാടി അരക്കെട്ടിൽ ഒളിച്ചു വെച്ചിരുന്ന ഒരു നിശിതായുധം—ഒരു കഠാരി—ജോധ്പുരിദേവി വലിച്ചൂരി സ്വസോദരനെ, ഭാരതമാതാവിനെ മുൻനിർത്തിക്കൊണ്ടു— കൊലചെയ്യുവാൻ പാഞ്ഞണഞ്ഞു. പെട്ടെന്ന് അവളുടെ ഗതി ആരാലോ തടുക്കപ്പെട്ടു. കഠാരി മാനസിംഹന്റെ തലക്കെട്ടിൽ തറച്ചു. ജോധ്പുരി തിരിഞ്ഞുനോക്കിയതു അക്ബർ ചക്രവർത്തിയുടെ മന്ദഹാസസമന്വിതമായ മുഖത്തേക്കായിരുന്നു.

# ഒരു കത്ത്.

(കെ. എൻ. ബാലകൃഷ്ണൻനായർ)

"ഫുല്ലായുധോപമ! മനോഹര! ജീവനാഥാ!
വല്ലാതെയെന്തിനിവളിൽരുജചേർത്തിടുന്നു?
അല്ലാ! ഭവാൻസകലതുംവെടികെന്നുവന്നോ?
എല്ലാത്തിലുംകഠിനമായിവളംതന്നെയുംഹാ!" ൧

ജീവാധിനായകവിയോഗവിപത്തിൽഹൃതതാം
പൂവാകെവാടിയൊരുപെണ്കൊടിയേവമോതി;
പൂവല്ലിതോറ്റനിജമേനിതളർന്നപാരം
പാവംകുഴങ്ങിയൊരുപൈതൽകണക്കകേണാം. ൨

ചിത്താഭിലാഷമഖിലംഹതിചെയ്തിടുന്ന
കത്തൊന്നുകാമുകവരവർണ്ണിനിതന്റെകയ്യിൽ
അത്തൽമനസ്സിലുളവായതമർത്തുവാനായ്
മത്തേഭഗാമിനിയറിഞ്ഞതുമില്ലമാർഗ്ഗം ൩

മായംവെടിഞ്ഞുപ്രണയദ്യുതിചേർന്നിടുംതൻ-
പ്രേയാനതിപ്രിയമൊടേകിയലേഖനത്തെ
പായുന്നചിന്തകൾമനസ്സിലടക്കിമന്ദം
വായിച്ചുപിന്നെയലസേക്ഷണയിപ്രകാരം ൪

"എന്നോമലേ! മമമനോമുകുരത്തിലെന്നും
നന്നായ്തെളിഞ്ഞുവിലസുന്നൊരുനിന്നെയിഞാൻ
ഇന്നീവിധംവെടിയുവാനിടയായതിൽനീ
തന്നീടണേഹൃദയക്കുരൊട്ടുമാപ്പിദാനീം. ൫

നന്നായ്ത്തഴച്ചുപ്രണയത്തരുവിൻചുവട്ടിൽ
ഒന്നിച്ചുനാമയിമനോഹരി! കേളിയാടി
ഇന്നാൾകഴിഞ്ഞസുദിനങ്ങളെയുള്ളിലോർത്തി-
ട്ടെന്നോമലേ! യഴലുവാനിടയായിടൊല്ലേ. ൬

പ്രേമംനരന്നമിതസൗഖ്യദമാണുപാത്രാ-
ലീമന്നിലേറെവിജയിപ്പതുമാണുപക്ഷേ,
സീമാവിഹീനമതുമാണെന്നാത്മഭദ്രീ-
ക്ഷേമത്തിനിന്നതുതടസ്ഥമതായ്‌വരാമോ? ൭

തന്മാതൃഭൂമിപരിസേവനമെന്നകൃത്യം
തന്മാനസത്തിലതിപാവനമായിയെണ്ണി
വന്മാൽസഹിപ്പതിനൊരുങ്ങിന കാമുകന്മാർ
നന്മുത്തണിസ്തനികളാലതിപൂജ്യരല്ലോ. ൮

ഉല്ലാസമോടു നിജകാമിനിമാരുമായി-
ട്ടുല്ലൽസപത്രവിരളവ്യയമുപാർത്തിടാതെ
എല്ലായ്പ്പോഴും പ്രണയമാടിരസിച്ചിടുന്നോർ
ഫുല്ലാംബുജാക്ഷി! യവനിക്കൊരു ഭാരമത്രേ! ൯

തോക്കിന്റെ പാതമതിമുഗ്ദ്ധമേനിയിലേറ്റുകൊണ്ടും,
ഉൾക്കള്ളലാത്തിയുടെ മർദ്ദനമേറ്റുകൊണ്ടും,
നേർക്കിങ്ങു ചാടിയണയുന്നൊരു വാജിയുംഹാ!
ലാക്കിൽത്തരും കഠിനമായ ചവിട്ടുകൊണ്ടും, ൧൦

കാലുഷ്യമേതുമകതാരിലിയന്നിടാതെ
മാലൊക്കെയും മതിപവിത്രതയാൽസഹിച്ചു,
ആലസ്യഹീനമുഖനായ് സമരന്നടത്തും
ചേലൊത്ത ധർമ്മഭടനിന്നുലകിൽ ജയിപ്പൂ!! യുഗ്മകം ൧൧

ശ്രീഗാന്ധിദേവചരണങ്ങൾ വണങ്ങിനൊന്നാം
വാമാലസാക്ഷി! സമരത്തിനൊരുങ്ങിടുന്നു
അന്ത്യംവരെക്കുമിതു നടത്തുവതിന്നുവേണ്ടി- ൧൨
നാശിസ്സു നീകരുളണേ മമകോമളാംഗീ!

നീ കാതരാക്ഷി! നിജകാന്തനെയോർത്തുമേലിൽ
ശോകപ്പെരുങ്കടലതന്നടിയിൽപ്പെടൊല്ലേ
കല്യാണഗാത്രി! സസുഖം നിവസിക്കനീണാം ൧൩
കല്യാണമിന്നതുകഴിഞ്ഞു വിരാജരായി."

കാറൊത്തവേണിമണിതന്നുടെ ശോകവാണി-
യാറിത്തുടങ്ങിയതി ചിന്തകൾ ചെയ്കയാലെ
ക്രൂരാഗ്നതൻപ്രിയനിലങ്ങകതാരമപ്പോ- ൧൪
ളേറെത്തെളിഞ്ഞു, കനലിൽക്കനകം കണക്കെ.

പ്രേമപ്രകർഷമതിതൻ വദനത്തിൽനിന്നും
പൂമട്ടിടഞ്ഞമൊഴിയേവമുതിർന്നിതപ്പോൾ,
"ശ്രീമദ്രണത്തിനതിമിച്ചു ഭവാന്റെ പിൻപെ ൧൫
ധീമട്ടിടാതെയിവളിന്നു വരുന്നു നാഥാ!

മല്ലാക്ഷിമാക്കുണ്ണമെന്നതുഭീതിയായി-
ട്ടല്ലാവേപ്പതതിമോഹനഭാരതത്തിൽ
നല്ലാർജനത്തിലകമായ "സരോജിനി" താ-
നുല്ലാസമോടുഭടരൊത്തടരാടിയില്ലേ? ൧൩

സ്വാതന്ത്ര്യകാഹളമിതാ ചെവിയിൽമുഴങ്ങു-
ന്നോതോല്പ്രകാശമിയലുന്നിതുപാരിടംഹാ!
ചേതസ്സിലേത്തുമരുതേ ഭയഭാരതാംബേ!
പ്രീതിപ്പെടുന്നതിവളുംതവസേവയൊന്നേ!" ൧൪

# പ്രേമമേ!

(പി. എസ്സ്. വേലായുധൻ. ക്ലാസ്സ്. 1.

കേക.

പ്രേമമേ! സുതാമാതൃപ്പകിട്ടാൽശോഭിക്കുന്ന
ഹേമമേ! പരിമളസൂനങ്ങൾക്കാരാമമേ!
ക്ഷേമസന്മാർഗ്ഗങ്ങളാംതാരങ്ങൾഭാസിക്കുന്ന
വ്യോമമേ! സാഹോദര്യപ്പാൽപ്പുഴപ്രവാഹമേ!
നൈർമ്മല്യപ്രഭാവത്താൽപ്രഖ്യാതിചേർത്തുവാണ
ധർമ്മപുത്രനുപോലുംജയ്യമല്ലാതിരുന്ന
സത്യപ്പൊൻകിടാവിന്റെവക്ഷസ്സിൽസാഭിമാനം
നിത്യവുമണിയുന്നഭൂഷണമായുള്ളോവേ!
മാത്സര്യാഭ്യസൂയാദിപാഴ്പ്പുല്ലുവളരുന്ന
കുത്സിതനരകത്താംപാടത്തിൽതഴയ്ക്കാതെ
സന്മാർഗ്ഗക്കവെപ്പയാൽ ഉഴുതുപാടാക്കിയ
സന്മനഃപ്പാടംതന്നിലങ്കുരിക്കുന്നോവിത്തേ!
കന്മഷംതീണ്ടിടാതെയുന്മേഷശരീരരായ്
സമ്മോദാൽകളിക്കുന്നോമാൻകുലത്തിലും,മററം
സാധുവാമെറുമ്പിലുംപ്രീതിചേർത്തനാരതം
സാദരംവിലസുന്നാനിനക്കൈകൂപ്പുന്നോൻ!

തേനമ്മയുംമൊഴിമാർക്കുസൌന്ദര്യമാററുകൂട്ടാൻ
പീനമാംപവിത്രതപൂരിച്ചസൽഭൂഷണം,
മാരസായകതീവ്രവ്രണത്തിൻപ്രത്യൗഷധം
ക്രൂരിതംവെളിച്ചമായ്മാററുന്നവിദ്യുൽപ്രഭാ,

സർവ്വലോകസാമ്രാട്ടിൻചെങ്കോലേന്തീടുന്ന
സർവശക്തനാപോലുംശിരസ്സിൽചൂഡാരത്നം,
പാപത്തിൻപ്രതിദണ്ഡി,യാപത്തിൽവഴികാട്ടി
സന്താപത്തിലാപന്നർക്കീപ്രാപിക്കും വ്യക്തികൾക്കും,

ഹൃത്താപദ്രവിച്ചേറ്റമൊഴുകുംചുടുകണ്ണീ-
രാംതോഷബാഷ്പങ്ങളായ്ചമയ്ക്കാൻപോരുമേ നീ;
ഭീകരക്കൊടുങ്കാറ്റുശീകരമന്ദാനില-
നാകനാഥവദിവ്യസ്പർശനാമൂലം, ചിത്രം!

ദേഹത്തെയെരിക്കുന്നകാലകൂടവുംസൌഖ്യ-
ദായകപീയൂഷമായ്ഭവിക്കുന്നുഭവസംഗാൽ;
ബ്രഹ്മചാരിക്കുനീതാൻകാന്തയായ്ചേർന്നീടുകിൽ
ബ്രഹ്മചര്യവ്രതത്തിൻമാറ്റുവർദ്ധിച്ചീടുന്നു.
കാലദേവതയ്ക്കുനിൻകോലത്തെത്തൊടൻ,മേലും
മേലാത്തതേജഃപുഞ്ജതല്ലജം നീതാനല്ലോ!

ഉന്നതസ്ഥാനത്തിനും പൊന്നിനും സൌഖ്യത്തിനും
നിന്നുടെഭൃത്യ,സ്ഥാനവൈശിഷ്ട്യംഭാവിപ്പോരേ,-
അക്കടിലരെവിട്ടു,സാധുക്കളിൽനിൻഗതി
ചേക്കകിൽധരാതലംവിഷ്ണുപത്രീതേടിടും.
ലോകരെഭൂരിസൌഖ്യധോരണിതന്നിലാഴ്ത്തി
നാകഗംഗയെപ്പോലെയൊഴുകമാപഗേ!നീ
സ്വാതന്ത്ര്യച്ചാലിൽക്കൂടിധൂർത്തരാംമൈലിക്കണ്ടിൽ
വ്യർത്ഥമാക്കീടായ്കനിൻപാവനബിന്ദുക്കളെ.

ജയിപ്പിൻസുജനൈകസമ്മതേ!സച്ചരിതേ!
ജയിപ്പിൻകലികാലകാലന്റെവലഃകൈക്കേ!
ജയിപ്പിൻദുർവ്വികാരശത്രുസംഹാരതീക്ഷ-
ജയിപ്പിൻദുർവ്വികാരരക്ഷക്കോട്ടയെത്തട്ടിനീക്കി

ലയിത്തമാകരക്ഷക്കോട്ടയെത്തട്ടിനീക്കി
പുലയൻമേൽമറയ്ക്കുംപൊഴ്പ്പുഴനുണ്ണനിന്റെ
വിജയപ്പതാകയായ്‌വാനത്തിൽപറക്കട്ടെ!
നിഷ്കളങ്കട്ടെകടുംചോരപ്രവാഹം! കലാപത്തിൻ

ശക്തിയാമൊഴുക്കേറെറംശിതമായ്ഭവിക്കട്ടെ!
നിർമ്മലപ്രേമപ്പുഴനിങ്ങളിക്കട്ടെശ്ശുദ്ധ-
ധർമ്മാദ്രിതന്നിൽനിന്നും; പൂതമാകട്ടെസർവം!
നാകവുംനരകവുംനരലോകവുംസദാ

ഏകപ്രേമദീപത്താൽദ്യോതിക്കാൻനമസ്കാരം!!

# കമലാദേവി.

എം. ഐ. ഇക്കോരൻ Class II

## I

"കമലേ! നിന്നെ ഞാൻ എവിടെയെല്ലാം അന്വേഷിച്ചു. ഭവതിയുടെ അമ്മ ഇത്രനേരം മാളികപ്പുറത്തുണ്ടായിരുന്നു. കുമാരി, നിന്റെ മനോവ്യസനത്തിൽ ഖേദിക്കുന്ന അമ്മ നിന്റെ ധിക്കാരത്തിൽ സമാധാനം കാണുന്നില്ല. അച്ഛൻ ബാലേശ്വരബാബു രാജപദവി അനുഭവിക്കുന്ന ആളാണ്. ഏകസന്താനമായാലും ഓമനയായ നിന്റെ ഉല്ലാസത്തിന് അദ്ദേഹം വഴങ്ങിത്തരുമെന്ന് തോന്നുന്നില്ല. കുമാരബാബുജിയുടെ ആളുകൾ വിരുന്നിനായി വീട്ടിൽ വന്നിരുന്നു. നിങ്ങളുടെ തൽക്കാലനിലയിൽ അഭിമാനിക്കുന്ന അവർ ബാലയായ നിന്റെ സ്വാതന്ത്ര്യത്തിൽ അച്ഛനമ്മമാരെ കുറ്റപ്പെടുത്തി. ദേവി! അച്ഛൻ ക്ഷീണചിത്തനായി, നിരുത്സാഹനായി സരസസംഭാഷണത്തിൽപോലും പങ്കെടുക്കാതെ ദീർഘനിശ്വാസത്തോടുകൂടി അതിഥികളോടും യാത്രപറയാതെ തന്നെ സ്വന്തം മുറിയിലേക്ക് പരവശനായി ചെന്ന് ശയ്യയെ അവലംബിക്കുകയാണുണ്ടായത്. ബന്ധുമിത്രങ്ങൾ കശപിശ പറയാൻ തുടങ്ങി. അതിഥികൾ അതൃപ്തരായി മടങ്ങി. അമ്മാദേവി കരഞ്ഞുകൊണ്ടിരിക്കുന്നു. കുമാരി! ഇതിനെല്ലാം ദേവി കാരണമാകുന്നതുകൊണ്ട് എത്ര പേരെയാണ് ഇപ്പോൾ നീ അവമാനിച്ചിരിക്കുന്നത്."

കുമാരി പറഞ്ഞു. "തോഴി! അനന്യശരണയായ എന്റെ ഏകാന്തതയെ ദുരന്തദുഃഖവാർത്തയാൽ നീ ഭഞ്ജനം ചെയ്യരുത്. ലോകപിതാവിന്റെ കരകൗശലം കണ്ടാനന്ദിക്കാൻ ഞാൻ ഇങ്ങോട്ടു പോന്നതാണ്. എന്റെ അഭിലാഷമൂർത്തിയായ വിശ്വനാഥന്റെ അഭാവത്തിൽ, ഞങ്ങൾക്ക് സദാ ശരണമായിരുന്ന ഈ ആരാമം തന്നെ ഇപ്പോഴും എനിക്ക് സമാധാനം തരും. അതാ നോക്കു, പൂമണൽക്കിടയിൽ കൂടി ശാന്തമായി ഒഴുകുന്ന ജാഹ്നവി ലോകരുടെ മനോവ്യഥയെ ഗണിക്കാതെ സ്വച്ഛന്ദം ഗമിച്ചുകൊണ്ടേ ഇരിക്കുന്നു. മന്ദപവനന്റെ വികൃതികൾക്ക് വിധേയയാകുന്നെങ്കിലും, ആരാമം എത്ര അഭിരാമമായിരിക്കുന്നു! കാർമേഘശകലങ്ങളാൽ അലങ്കോലപ്പെട്ടിട്ടും ആകാശം ഹസിക്കതന്നെ ചെയ്യുന്നു. ഇണയെക്കാണാതെ വ്യസനിക്കുന്ന കോകിലവും സമാധാനത്തിനായി ഈശ്വരഗാനം ചെയ്യുന്നു. ഈ അവസരത്തിൽ ഞാൻ മാത്രം ദുഃഖത്തിൽ നിമഗ്നയായിരിക്കുന്നു. അഹോ! ഷട്പദകേളിതയായ റോസേ! നിന്റെ ജന്മസാഫല്യം എന്നിൽ അസൂയയേകുന്നു." ഇത്രയും പറഞ്ഞപ്പോഴേക്കും തൊണ്ടയിടറി, അംഗങ്ങൾ തളർന്നു, ദേഹം വിളറി, തളുവണ്ണമായ

ശരീരം രക്തമോട്ടം നിന്നപോലെ മാറിക്കണ്ടു. മൂർച്ഛിതയായ കുമാരി
അമ്പരന്നു നിൽക്കുന്ന തോഴിയുടെ മാറ്റിടത്തിൽ ശരണം പ്രാപിച്ചു.

## II

വിശ്വനാഥൻ അസാമാന്യപദവിയുള്ള ഒരുപ്രഭുകുഡുംബത്തിലെ
ഏകസന്താനമാണു്. പൌരുഷം നൃത്തംചെയ്യുന്ന ആ സുകുമാരൻ സൌ
ശീല്യങ്ങൾക്കും കേളീരംഗമായതാണു് അതിശയം. പഠനതല്പരനായ അ
ദ്ദേഹം പത്തൊൻപതാമത്തെ വയസ്സിൽ ബി. ഏ. പാസ്സായി. ഇക്കൊ
ല്ലം "ബാർ അറ്റ് ലാ" പഠിക്കാൻ ഇംഗ്ലണ്ടിനു് പോകുന്നതിനുള്ള ഒ
രുക്കമാണു്. വാത്സല്യപാത്രികളായ മാതാപിതാക്കന്മാർ മകനിലുള്ള ബ
ഹുമാനം കൊണ്ടും ഉത്തമവിശ്വാസം കൊണ്ടും ഇതിനു് സമ്മതിച്ചു എ
ന്നേയുള്ളൂ. വിശ്വനാഥന്റെ വീട്ടുകാരും ബാലേശ്വരബാബുവിന്റെ ക
ഡുംബവും തമ്മിൽ രണ്ടു മൂന്നു തലമുറയായി രസമില്ലാതെ ഇരിക്കയാണു്.
പാരമ്പര്യമായി നിലനിന്നുവരുന്ന ശത്രുതനിമിത്തം അവർ പരസ്പരം
ഒരു സ്ഥലത്തു് ഒന്നിച്ചുകൂടുകയോ, കൂടിയാൽ തന്നെ സൌഹാർദ്ദമായി
സംസാരിക്കപോലുമോ പതിവില്ല.

എങ്കിലും ദൈവഗത്യാ വിശ്വനാഥനും കമലാദേവിയും ചെറുപ്പ
ത്തിലെ പരിചയപ്പെടുന്നതിനു് ഇടയായി. ഇരുകൂട്ടർക്കും അന്യോന്യം
വലിയ ബഹുമാനമായിരുന്നു. എന്നാൽ അവർക്കു് ഓരോരുത്തർക്കും ഉള്ളി
ൽ തോന്നിയിരുന്ന വാഞ്ഛകളെ തമ്മിൽ പറഞ്ഞു് മനോവേദന ക
റക്കുന്നതിനു് ഇതുവരെ സാധിച്ചിട്ടില്ല. അവരുടെ കുഡുംബക്കാർ ത
മ്മിലുള്ള വഴക്കായിരിക്കാം അവരുടെ നിർമ്മലസ്നേഹത്തെ കലുഷപ്പെടു
ത്തിക്കൊണ്ടിരുന്നതു്. ഇപ്രകാരമിരിക്കുന്ന മദ്ധ്യേയാണു് കുമാരബാബു
ജിയുടെ ആൾക്കാർ കമലാദേവിയുടെ അച്ഛനുമായി കല്യാണക്കാര്യങ്ങൾ
പറഞ്ഞതും തദനുസരണം വിരുന്നിനു പോയിരുന്നതും. അച്ഛനും അ
മ്മയും ഈ പുതിയ ആലോചനയിൽ വളരെ സന്തോഷിക്കയാണുണ്ടായ
തു്. കർണ്ണാകർണ്ണികയാ ഈ വർത്തമാനം വിശ്വനാഥനും അറിയുന്നതിനി
ടയായി. ആയുഷ്കാലത്തിൽ ആദ്യമായി മനസ്സിനു് വല്ലാത്ത ചഞ്ചല
തം നേരിട്ടപോലെ അദ്ദേഹത്തിനു തോന്നി. സംശയമായിത്തോന്നി
യിരുന്ന കാര്യങ്ങൾ വിശ്വസനീയങ്ങളാണെന്നു് അദ്ദേഹം തീരുമാനിച്ചു.
നിലയില്ലാത്ത സങ്കടത്തിൽ പുരുഷോചിതമായ വിധം ചില സ്ഥിര
നിശ്ചയങ്ങളെ ശരണംപ്രാപിച്ചു. കഴിയുന്നതും വ്യസനത്തെ മറയ്ക്കാൻ
അദ്ദേഹം പണിപ്പെട്ടു. ഈ വർത്തമാനം കേട്ടതിനുശേഷം അദ്ദേഹം ക
മലാദേവിയുമായി അഭിമുഖസംഭാഷണത്തിനു് ഒരുമ്പെടാറില്ല. ഒരു പ
ക്ഷെ അദ്ദേഹം ആ ദേവിയെ അതിൽ പിന്നീട്ടു് കാണാറുതന്നെയില്ല.
ദേവിയെ അദ്ദേഹം ഏകാന്തതയിൽ മനോമുകുരത്തിൽ മാത്രം കണ്ടു് ഇ

പ്പിപ്പെട്ടിരുന്നു. വിവാഹാലോചനകൾ മുറുകിയിരിക്കുന്ന ഇക്കാലത്ത് ദേ
വിയുമായി കണ്ടുമുട്ടി വല്ല അസ്വാസ്ഥ്യവും ഇടയാക്കണ്ട എന്നുള്ള സ
ദ്വിചാരമായിരുന്നിരിക്കാം അദ്ദേഹത്തെ ഇത്തരമുള്ള ഒരു മാററത്തിന്
പ്രേരിപ്പിച്ചത്. അസ്വാസ്ഥത സംഭവിച്ച മനസ്സിന് ദേശസഞ്ചാരം
സമാധാനം കൊടുക്കുമല്ലോ. അടുത്ത ദിവസംതന്നെ മനോഭാരവും ചുമ
ന്നുകൊണ്ട് അദ്ദേഹം ഇംഗ്ലണ്ടിലേക്ക് യാത്രയായി.

## III

കമലാദേവിയുടെ സ്വാതന്ത്ര്യബുദ്ധിയാൽ എല്ലാം കുഴപ്പത്തിലായി
അച്ഛന് ഏതാണ്ടോ അപമാനശരമേററപോലെ കാണപ്പെട്ടു. അമ്മക്കു
സദാനേരവും കരച്ചിൽ തന്നെ ശരണം. എന്നാൽ തങ്ങളുടെ ആത്മസ
ന്താനത്തിന്റെ തന്റേടത്തിൽ ശാസിക്കാൻ അവരെ പുത്രീസ്നേഹം അ
നുവദിക്കുന്നുമില്ല. കുമാരബാബുവിന്റെ ആൾക്കാരെ അവമാനിച്ചതു
സാഹസമായിപ്പോയി എന്ന് പറഞ്ഞു് അവർ ആതിഥ്യം പോലും
സ്വീകരിക്കാതെ മടങ്ങുകയാണുണ്ടായത്. ബന്ധുമിത്രങ്ങൾക്ക് കുററാ
രോപണത്തിനു ഇതിൽ പരം തക്ക അവസരം ഇല്ലെന്നായി വന്നു കൂടി. നാ
ട്ടുകാരെല്ലാം തന്നെ ഈ സംഭവത്തെപ്പററി പിറുപിറുക്കാൻ തുടങ്ങി.
പോരെങ്കിൽ കമലാദേവി തന്നെ അസ്വസ്ഥയായി കാണപ്പെട്ടു. സംസ്കൃത
മാനസയായ അവൾ ബുദ്ധിയെ നിയന്ത്രിക്കാൻ ചെയ്ത ഓരോ ശ്രമവും
വിഫലത്തിൽ കലാശിക്കയാണുണ്ടായത്. കുറെ നാളായി വിശ്വനാഥനെ
കാണാത്തതിൽ അവൾ പലതും സംശയിച്ചു. പുതിയ കല്യാണാലോചന
അദ്ദേഹത്തെ ശല്യപ്പെടുത്തിട്ടുണ്ടായിരിക്കാം എന്നു അവൾ ഊഹിച്ചു.
ഈ ദുർഘടഘട്ടത്തിലാണു, അദ്ദേഹം ഇംഗ്ലണ്ടിനു പോയെന്നുള്ള വർത്തമാന
വും അവൾ കേട്ടത്. അവളുടെ മനസ്സമാധാനം തീരെയില്ലാതെയായി.
തന്റെ മനോഗതങ്ങൾ അദ്ദേഹത്തെ നേരത്തെ അറിയിക്കാതെയിരുന്ന
തിൽ അവൾ കുണ്ഠിതപ്പെട്ടു. ജീവിതം തന്നെ ഭാരമായി തോന്നി. കമല
യുടെ സകല പരിസരവും സന്താപദേവതയുടെ നൃത്തരംഗമായി അവൾക്കു
കാണപ്പെട്ടു. ഏതായാലും ഈ അവസരത്തിൽ മാതാപിതാക്കന്മാരെ
ശുശ്രൂഷിക്കുന്നതിലുള്ള നിഷ്കർഷ തന്നെ തന്റെ ഉത്തമ ധർമ്മമെന്നുറച്ച്
വ്യസനമെല്ലാം മറച്ചു സന്തോഷം അഭിനയിക്കാൻ അവൾ ഒരുമ്പെട്ടു. ഈ
പുതിയ ഉണർവിൽ അച്ഛനമ്മമാർക്കും ഒരു പുതിയ ജീവൻ വീണു. പഴയ
പോലെ കാര്യങ്ങൾ നടക്കാൻ തുടങ്ങി. കല്യാണക്കാര്യത്തെപ്പററി ഒരു
ശബ്ദം പോലും ആരും കുറെ നാളത്തേക്ക് മിണ്ടാൻ ധൈര്യപ്പെട്ടില്ല.

കാലങ്ങൾ ഇങ്ങനെ കഴിഞ്ഞു എങ്കിലും ആദ്യമായി മനസ്സിനു തട്ടി
യ ദുഃഖവേദന അവളെ ബാധിക്കതന്നെ ചെയ്തു. ആഹാരാദി ദിനചര്യ
കളിൽ അവൾക്ക് ആസക്തികുറഞ്ഞു. തന്റെ ദയനീയസ്ഥിതി അച്ഛന
മ്മമാരിൽ നിന്ന് മറച്ചുവയ്ക്കാൻ വളരെ പണിപ്പെട്ടു. ദിനചര്യയിലെ ഉടവ്

ദേഹത്തിലും കണ്ടുതുടങ്ങി. ലോകനിയന്താവിനെ തന്റെ പ്രിയതമനിൽ
ആരോപിച്ച് അവൾ ഭജിക്കാൻതുടങ്ങി. ദിനകൃത്യങ്ങളിൽ ഏററവും പ്ര
ധാനമായതു് തന്റെ പ്രിയതമന്റെ ഛായാപടം പുഷ്പമാല്യങ്ങൾ അണി
യിച്ച് ഭജിക്കുന്നതാണെന്ന് അവൾ തീർച്ചയാക്കി. കമലാദേവിയുടെ
മുറിയിൽ വിശ്വനാഥന്റെ ഛായാപടം പുഷ്പാലംകൃതമായി സദാനേര
വും കാണപ്പെട്ടു. ഇപ്പോൾ പഴയ ആരാമം തന്നെ അവൾക്ക് ശരണ
മായി ഭവിച്ചു. വിശ്വനാഥനുമായി സ്വൈരസല്ലാപം ചെയ്ത ആ കേ
ളീരംഗം കാണുന്നതും സങ്കല്പചിന്തയിൽ മുഴുകുന്നതും അവൾക്ക് നിർവൃ
തിയായിത്തോന്നി. ഇങ്ങനെ വർഷം മൂന്നു നാലു കഴിഞ്ഞു. കമല കാഴ്ച
യിൽ വളരെ ശോഷിച്ചു കാണപ്പെട്ടു. സന്താപാഗ്നി അവളുടെ തങ്കമേ
നിക്ക് ഒരു മാററു കൂടി വർദ്ധിപ്പിച്ചു. ഹാ! വിശ്വനാഥനുമായി ഒന്നു
കാണുന്നതിനു് ഇപ്പോൾ ഭാഗ്യം ലഭിച്ചെങ്കിൽ—. കുമാരബാബുജിയുടെ
ആൾക്കാർ കമലയുടെ അച്ഛനിൽ തീരെ രസമില്ലാതെ പ്രവർത്തിച്ചു വ
ന്നു. പോരാഞ്ഞിട്ടു്, വിശ്വനാഥൻ പാരീസ്സിൽ നിന്നും ഒരു ആംഗ്ലവ
നിതയെ പരിണയിച്ചു എന്നും നാടെല്ലാം പരത്തി. വാസ്തവമല്ലെ? വി
ദ്യാഭ്യാസം സിദ്ധിച്ച് നവതാരുണ്യത്തിൽ പ്രവേശിച്ച അദ്ദേഹം ഒരു
സ്ത്രീയെ വിദേശത്തു വച്ച് കല്യാണം കഴിച്ചു എന്നു് വന്നു കൂടാവുന്നത
ല്ലെ. ഏതായാലും ഇതും കമലയുടെ ജീവാനലനെ അണയ്ക്കുന്നതിനുള്ള
അവസാനക്കാററായി പരിണമിച്ചു. മനസാ വരിച്ചുപോയ ആ യുവകാമ
ദേവന്റെ ആരാധനയിൽ അവൾക്ക് ഉത്സാഹം കൂടി വന്നു. അദ്ദേഹ
ത്തിന്റെ ആയുരാരോഗ്യങ്ങൾക്കായി പ്രാർത്ഥിക്കുന്നതിൽ അവൾക്ക് ശാ
ന്തത ലഭിച്ചു. പക്ഷെ ഇതെല്ലാം എന്തിനായിരുന്നു. പ്രാണേശ്വരമന്ത്രം
ഉരുക്കഴിച്ചും, തന്റെ പ്രിയതമനെ സർവ്വേശ്വരനായി സങ്കല്പിച്ച് ആ
രാധിച്ചും അശരണമമമാക് ശുശ്രൂഷകൾ ചെയ്ത് സന്തോഷം വളർത്തി
വന്ന ആ സതീമണി അവസാനരോഗത്തിൽ പെട്ടു. മിക്കപ്പോഴും
സ്വബോധമില്ലാതെ അതുമിതും പറയാൻ പണിപ്പെട്ടുതുടങ്ങി. വി
ശ്വനാഥന്റെ പേര് തന്നെ അവൾ പ്രലപിച്ചു കൊണ്ടിരുന്നു. വിശ്വനാ
ഥൻ പോയി നാലു കൊല്ലം കഴിഞ്ഞു മൂന്നാമത്തെ മാസത്തിൽ അവൾ
അവസാനമായി തന്റെ പ്രാണേശ്വരന്റെ നാമമന്ത്രം ഉരുക്കഴിച്ചു യശ്ശ
ശരീരയായി!! ഹാ! പരിശുദ്ധപ്രേമമേ നിനക്കു ഈ ലോകത്തിൽ വില
യില്ലെന്നോ? അല്ലെങ്കിൽ ഭർത്താവിനെ ഈശ്വരനായി ആരാധിച്ച് അദ്ദേ
ഹത്തിനു് വേണ്ടി ജീവിച്ച് അദ്ദേഹത്തിനു വേണ്ടി മരിച്ച ഒരു ഭാരതീ
യ വനിതക്ക് ഇതിൽ പരം എന്തു സുകൃതമാണു് ലഭിക്കേണ്ടതു്.

കമലയുടെ മരണവാർത്ത നാടെല്ലാം പരന്നു. വിശ്വനാഥനു വേണ്ടി
അവൾ മരിച്ചു എന്നുള്ളതു അദ്ദേഹത്തിന്റെ മാതാപിതാക്കളെ വ്യാകുലരാ
ക്കി. അവർ ആ സുചരിതയുടെ . ദേഹമല്ലാതെന്നായെങ്കിലും കണ്ടു പ

ണ്യം നേടാൻ തുനിഞ്ഞു. ആ സാദ്ധ്വിയുടെ പവിത്രചരിതം അവരുടെ പൂർവ്വവൈരത്തെ നശിപ്പിച്ചു. അവർ പരിവാര സമേതം കമലയുടെ വീട്ടിൽ വന്നു. കമലാദേവിയുടെ ജീവിതക്രമവാർത്ത അവരെ സന്താപത്തിൽ നിമഗ്നരാക്കി. പുത്രീവിയോഗത്തിൽ മൃതപ്രായരായിരുന്ന ബാലേശചന്ദ്രബാബുവിനും പത്നിക്കും ഈ പുതിയ മൈത്രിയിൽ സന്തോഷം തോന്നി. പൂർവ്വവൈരങ്ങളെ അവർ വിസ്മരിച്ചു. പിൽക്കാലങ്ങളിൽ ഈ രണ്ടു കുടുംബക്കാരും ഒന്നിനൊന്നു തുണയായിരിക്കത്തക്കവണ്ണം സൌഹാർദ്ദമായി കണ്ണുനീരും കയ്യുമായി അവർ തൽക്കാലം പിരിഞ്ഞു.

## IV

വിശ്വനാഥൻ പ്രശംസനീയമായി പരീക്ഷയിൽ ജയിച്ചു. ഇംഗ്ലണ്ടിലെ താമസത്തിനിടക്ക് അദ്ദേഹത്തിന്ന് പലതും മനസ്സിലാക്കാൻ കഴിഞ്ഞു. പാശ്ചാത്യപരിഷ്കാരമോടിയിൽ അദ്ദേഹത്തിൻെറ മനം ചാഞ്ഞില്ല. ആംഗ്ലേയർ ഇൻഡ്യയോടു ചെയ്യുന്ന നിർദ്ദയനയത്തിൽ അദ്ദേഹത്തിനു കരുണതോന്നി. അവിടെ പല പബ്ലിക്ക് സ്ഥലങ്ങളിലും വച്ച് അദ്ദേഹം ഇൻഡ്യയുടെ സ്വാതന്ത്ര്യത്തെ ലാക്കാക്കി സയുക്തികം വാദിച്ചു. ആരേയും വശീകരിക്കാനുള്ള പൌരുഷം, നവ്യതാരുണ്യം, സ്വതസ്സിദ്ധമായ വചാലത, തികഞ്ഞ പാണ്ഡിത്യം, മിതമായ ലോകപരിചയം ഇതിൽ കൂടുതലായി ഒരു പ്രാസംഗികനു എന്താണു വേണ്ടതു്. അദ്ദേഹത്തിൻെറ ശക്തിപൂർവ്വമായ വാഗ്ധോരണിക്ക് പല ആംഗ്ലേയ മാന്യന്മാരും വശപ്പെട്ടുപോയി. എങ്കിലും അല്പം ചില നേതാക്കന്മാർക്ക് ഇദ്ദേഹത്തിൻെറപേരിൽ സ്പർദ്ധ തോന്നി. ഡിഗ്രി കൊടുപ്പിക്കാതിരിക്കാനുള്ള പണികളും അവർ ചെയ്തു. എന്നാൽ മററുള്ളവരാൽ സാധിക്കാത്തവണ്ണം വിജയം ലഭിച്ചിരിക്കുന്ന ഒരു ഭാരതീയനു് എങ്ങിനെ ഡിഗ്രി കൊടുക്കാതെ ഇരിക്കും. ഒടുക്കം ന്യായത്താൽ നിർബ്ബന്ധിതരായ അധികൃതർ ഡിഗ്രി കൊടുക്കതന്നെ ചെയ്തു. ഉദ്ദേശം സ്തുത്യർഹമായി നിർവഹിച്ച് അദ്ദേഹം ഇൻഡ്യയിലേക്ക് യാത്രതിരിച്ചു. പോരുന്നവഴിയിൽ അദ്ദേഹം ചരിത്രപ്രസിദ്ധമായ പാരീസ്, ഇററലി, റോം മുതലായ സ്ഥലങ്ങളെ സന്ദർശിച്ചു. ഇന്ഡ്യയുടെ തൽക്കാല അവശതയെ പുരസ്കരിച്ച് പാരീസ്സിൽ വച്ച് നടത്തിയ ഒരു പബ്ലിക്ക് പ്രസംഗത്തിൽ അദ്ദേഹം എല്ലാവരാലും ബഹുമാനിതനായി. ഈ സംഭവങ്ങളെല്ലാം പത്രത്തിൽകണ്ടു് അറിഞ്ഞിരുന്ന ഭാരതീയനേതാക്കന്മാർ വിശ്വനാഥനിൽ സ്ഥിരമായി വിശ്വസിച്ച് അദ്ദേഹത്തിൻെറ സർവ്വ വിജയത്തിലും അനുമോദിച്ച്, ആ മാന്യദേഹത്തിൻെറ വരവിനെ പ്രതീക്ഷിച്ചിരുന്നു.

പുറമെ കാര്യങ്ങൾ ഇങ്ങനെ നടന്നുകൊണ്ടിരുന്നെങ്കിലും, കമലാദേവിയുടെ വിചാരം, അദ്ദേഹത്തെ സന്താപത്തിൽ മുക്കിക്കൊണ്ടിരുന്നു. ഏകാന്തതയിൽ, അദ്ദേഹം മനോമുകുരത്തിൽ പ്രതിബിംബിക്കുന്ന ആ സതീമണിയെ കണ്ണുനീരണിഞ്ഞ വദനത്തോടും ബാലചാപല്യത്തോടും കണ്ടുകണ്ടാനന്ദിച്ച് പല വിചാരങ്ങൾക്കും വഴിപ്പെടാറുണ്ട്. ഹാ! ഒരന്യകളത്രമായിത്തീർന്ന കമലയെപ്പററി ഇപ്രകാരം ചിന്തിക്കുന്നത് തന്റെ പൌരുഷത്തിന് ചേരാത്തതാണെന്ന് അദ്ദേഹം പലപ്പോഴും തന്നെത്തന്നെ കുററപ്പെടുത്താറുമുണ്ട്. എങ്കിലും ഓരോ വർഷം ചെല്ലുന്തോറും ആ പ്രതിബിംബം പൂർവ്വവൽ പ്രകാശിക്കുന്നതായിട്ടാണ് അദ്ദേഹത്തിന് തോന്നിയത്. ഇതിന്റെ അടിസ്ഥാനകാരണം ജഗൽപിതാവിന് മാത്രമല്ലേ അറിഞ്ഞുകൂടൂ.

വിശേഷവിധിയായ യാത്രാസംഭവങ്ങൾ ഒന്നും കൂടാതെ അദ്ദേഹം സുഖമായി ബൊംബയിൽ എത്തി. കരക്കിറങ്ങിയ സമയം ഇന്ത്യൻനേതാക്കന്മാരിൽ പേരുകേട്ട പല മാന്യന്മാരും അദ്ദേഹത്തെ കാത്തുനിന്നിരുന്നു. അവർ അദ്ദേഹത്തെ സബഹുമാനം സ്വീകരിച്ചു. നാനാജാതിമതസ്ഥരാൽ സങ്കീർണ്ണമായ ഒരു പൊതുയോഗത്തിൽ അവർ, അദ്ദേഹം ഇംഗ്ലണ്ടിലും മററും വച്ച് നടത്തിയ ശ്രമങ്ങളെ പുരസ്കരിച്ച് പ്രസംഗിക്കയും അതിന് ഹാർദ്ദമായി നന്ദിപറയുകയും ചെയ്തു. ഈ അവസരത്തിൽ അദ്ദേഹത്തിന്റെ വിശാലനേത്രങ്ങളിൽ കണ്ണുനീർക്കണങ്ങൾ ചിന്നി. ഒരു പക്ഷെ അവ സന്തോഷസാഗരത്തിന്റെ അടിത്തട്ടിൽനിന്നും വിചാരവീചികൾ ഇളക്കിവിട്ട കുമിളകളായിരിക്കാം. അഥവാ, അവ പിന്നീടദ്ദേഹം അനുഭവിക്കാൻ പോകുന്ന മനോവേദനയുടെ ബഹിർഗമനമായിരുന്നിരിക്കാം. കണ്ണുനീർക്കണങ്ങളെ സത്വരത്തിൽ കൈലേസിനാൽ തുടച്ച് തൽക്കാലത്തെ ഗൌരവത്തെ മനസ്സിലാക്കി, "ഇൻഡ്യയുടെ ഭാവി" എന്ന വിഷയത്തെ ആസ്പദീകരിച്ച് അദ്ദേഹം ചെയ്ത പ്രസംഗം ഇന്നും ഭാരതത്തിന്റെ ഓരോ കോണുകളിൽ പോലും മാറെറാലികൊള്ളുന്നുണ്ട്. സഭ മംഗളമായി പിരിഞ്ഞശേഷം കാത്തുനിന്ന സ്നേഹിതന്മാരോടും ബന്ധുമിത്രാദികളോടും കൂടി അദ്ദേഹം വീട്ടിലേക്ക് യാത്രയായി.

V

വഴിമദ്ധ്യേ നാട്ടിൽ സംഭവിച്ച വിശേഷങ്ങൾ എല്ലാം അദ്ദേഹം അറിഞ്ഞു. കഴിഞ്ഞുപോയ ഓരോ ദിവസവും അദ്ദേഹത്തിന്റെ നേരെ ഭഗ്നാശയോടെ തുറിച്ചു നോക്കുന്നതായി അദ്ദേഹത്തിന് തോന്നി. കമല, ദേവിയായി, ആരാദ്ധ്യയായി അദ്ദേഹം കണക്കാക്കി. മാതാപിതാക്കന്മാരെയും, അദ്ദേഹത്തിനെ കാണാൻ കാലേകൂടി എത്തിയിരുന്ന കമലയുടെ അപ്പന മേനവരേയും ഒന്നിച്ചു വീട്ടിൽവച്ച് കണ്ടപ്പോൾ വിശ്വനാഥന്റെ ഹൃദയം

തളൎന്നു, ദേഹം വിയൎത്തു; നാവുകുഴഞ്ഞു വശമായി. മനോദൎപ്പണത്തിലെ കമല സുസ്മേരവദനയായി, അദ്ദേഹത്തെ മുകരുന്നതും ആശ്ലേഷിക്കുന്നതുപോലെ ദേഹം കോൾമയിർക്കൊണ്ടു. ജീവിതം കമലയുടെ പാവനസ്മാരകമായി നിത്യബ്രഹ്മചാരിയായി കഴിച്ചുകൂട്ടാൻ അദ്ദേഹം ആ നിമിഷത്തിൽ തീൎച്ചയാക്കി.

കമലയുടെ ആൾക്കാർ അദ്ദേഹത്തെ ദത്തുപുത്രനായി തങ്ങൾക്കു് ആലംബമായി സ്വീകരിച്ചു. വമ്പിച്ച രണ്ടു മഹാകുടുംബങ്ങളിലെ സ്വത്തിന്നും അദ്ദേഹം നേതാവായിത്തീൎന്നു. തന്റെ പ്രിയതമയുടെ സ്മാരകമായി അദ്ദേഹം ഒരു ആരാധനാഗൃഹം പണികഴിപ്പിച്ചു് നിത്യകൎമ്മങ്ങൾക്കു് ഏൎപ്പാടുചെയ്തു. അവിടെ അദ്ദേഹം കമലാദേവിയുടെ ഛായാപടം പ്രതിഷ്ഠിച്ചു്, ആ ദേവിയെ ഭാരതമാതാവിന്റെ അവതാരമായി ഗണിച്ചു് ആരാധിക്കാൻ തുടങ്ങി. തന്റെ സ്വത്തുക്കളെല്ലാം പൊതുനന്മക്കായി മാററിവച്ചു. വലിയ ഉദ്യോഗങ്ങൾ കൊടുക്കാമെന്നു് പറഞ്ഞ ബ്രിട്ടീഷ് ഗവൎമ്മന്റിനെയും അദ്ദേഹം അനാദരിക്കയാണുണ്ടായതു്. ഭാരത ഭൂമിദേവിയെ—ഭാഗ്യത്താൽ കമലയായി അവതരിച്ച ആ പുണ്യവിഗ്രഹത്തെ മനസ്സിൽ പ്രതിഷ്ഠിച്ചു്, ഇന്ത്യയുടെ ബന്ധനശൃംഖല ഛേദിച്ചു് വിമുക്തയാക്കാൻ അനവരതം യത്നിക്കുന്ന അദ്ദേഹത്തിന്റെ അനന്യനിഷ്ഠയുള്ള പ്രവൃത്തികളെ സകല ലോകങ്ങളും ബദ്ധശ്രദ്ധരായി പാൎത്തുകൊണ്ടിരിക്കുന്നു.

## ഒരു സന്ധ്യ.

(സി. വി. കൃഷ്ണൻ ക്ലാസ്സ് 1)

അതികരനിരയുവും ഭാനുമാനസ്തമിച്ചു;—
ക്ഷിതിയുടെ പെരുമെങ്ങോ, ദൂരവേ പോയ്മറഞ്ഞു;
സ്ഥിതിയതിലതിമോദാ,ലെന്നവണ്ണം പതത്രീ—
തതി, പലതരുവൃന്ദം തന്നിൽനിന്നും ചിലച്ചു. ൧

ദലചയസുമജാലം ഒത്തുവേർപാടുമൂലം
വിവശതയൊടു കൂമ്പി, മ്ലാനവക്ത്രാവരിച്ചു;
പവനനിലിളകീടും കൈരവം, നൃത്തമാടി;—
അവനൊരുവനേകാ നസ്തവന്യന്നശത്രു. ൨

ഖളിതമനിലനാകം നീരിൽ നീന്തിക്കളിക്കും
കിളികളമൃതതുല്യം ഗീതമോതുന്നനേരം,
തളിരുകളതിനൊക്കം താളവും പാടിനന്നായ്,
ലളിതനടനമാടീ, വൃക്ഷവൃന്ദങ്ങളെല്ലാം. ൩

രവിസുതതനയാവാൻതുല്ല്യരാമിന്നാമിനുങ്ങിൻ
വിവിധനിചയമേററം വാനിലെങ്ങും ചരിച്ചു;
രവിയുടെ കിരണത്താ,ലാററതാപത്തെ,വേഗ,—
മവനിശിഖി*കണംപോൽ തള്ളിടുന്നെന്നവണ്ണം.

ഇരുവിധമുലകത്തിൽ വന്നിടും മാററമേററം
കുതുകമൊടതിസൂക്ഷ്മം കാണുവാനെന്നവണ്ണം,
അതുലസുഷമയോടും താരജാലങ്ങളാകം
ചതുരമിഴികളാലേ വീക്ഷണം ചെയ്യുന്നാരം.

ജലനിധിനടുവിങ്കൽ, കത്തിയാളുംപതംഗൻ
വിലയമണയുമാറായ് വീണണഞ്ഞിട്ടു, ധൂമം
പലവഴി ഗഗനത്തിൽ പൊങ്ങിടുംപോലെ,യേറീ
ജലധരനികരങ്ങൾ പശ്ചിമാശയ്ക്കുമീതേ.

മദമൊടുനിശഗാത്രം കാളവർണ്ണത്തിലാഴ്ത്തും
കടമൊടുകലഹിക്കും വാർമുടിയെത്തിനാതുല്യം,
ഉദയഗിരിസമീപം വ്യോമമേററംചുവന്നു;
തദനു,—ശശിയുദിച്ചു,ദ്യോവിൽ മന്ദംചരിച്ചു.

മതി,-വിലസിയതേററം ദൂരെയാണെങ്കിലുംതൻ
കതിരുകളവനിക്കും ശോഭയേകിയനല്പം;
കൃതി,യൊരുചെറുകോണിൽ വാണിടുന്നെങ്കിലും,തൻ-
കൃതിയുടെഫലമാരും പാരിലുണ്ടാസ്വദിപ്പൂ.

വരുവിനമലസന്ധ്യേ! നിത്യവും പാരിടത്തിൽ
തരുവിനലഘുമോദം ജീവജാലത്തിനേവം,
തരുവിതിതലയാട്ടി, സ്വാഗതംചെയ്തിടുന്നോ;
വരുവിനരിയസന്ധ്യേ, നിത്യവും സ്വാഗതം, തേ!

# സ്വാതന്ത്ര്യോക്തി.

P. K. Varughese Class III

[illegible]

കേഴാതിരിക്കെൻമിഴിയാളേ
പാഴിൽകളയൊല്ല കണ്ണീർത്തുള്ളി
ലഭ്യമല്ലാത്തവയോർത്തുള്ളതോ

* ശിഖി=അഗ്നി

ഖേദിപ്പിച്ചീടുകവ്യർത്ഥമല്ലേ?
സന്താപംതൂരമാംനേരംകൊണ്ടു്–
ഏകുന്നവൃദ്ധതയേവക്ഷമ
പോയൊരവസ്ഥവേയോർത്തുനമ്മിൽ
മായാത്തശോകത്തെ യുദിപ്പിച്ചാൽ
തീരാത്തവ്യാധികനമ്മെത്തന്നോ
പാരംവിധേയരാക്കീടുന്നു നാം
വർഷങ്ങൾ നാലഞ്ചുപോയില്ലയോ?
ഹർഷമേററത്തില്ലേനമ്മിൽനിന്നു്?
അക്കാലമൊക്കെയുംനിശ്വാസത്താൽ
രിക്തമായ്ത്തീർന്നില്ലേ ജീവിതവും
എന്തിനിക്കേണംവർദ്ധിക്കുന്ന
വെണ്മതാരമാനസംശാന്തമാക്ക
ചന്തംചേരുന്നപൂവിങ്കലും
താനാംമഹത്തിനെ താലോലിക്ക
ശാന്തമാം സൗഹാർദ്ദ്യദാനിലൻ
ചിത്തംകുളിപ്പിച്ചുവശിക്കട്ടെ
ഉല്ലാസകോകിലകൂജനങ്ങൾ
ശ്രോത്രാഹ്ലാദനംവർഷിക്കട്ടേ!
വാസനാപുഷ്പത്തിൻ സൗരഭ്യത്താൽ
ആശയ്ക്കുവാസനിവൃത്തിക്കായ്
നമ്മിലുദിപ്പിച്ചുള്ളോരാകം
സംബന്ധംസംസ്ഥാപിച്ചിട്ടെന്നും
കൂട്ടപ്പൻപെട്ടപോ ലല്പാലംകൃ–
സ്പഷ്ടതിരിച്ചിലിൻശക്തിതന്നിൽ
വന്നിടില്ലായവൻദുഃഖത്തിൽ
ചെന്നിടില്ലായവൻപുഞ്ചിരിയും
കേണിടില്ലായവൻ താതാമയെ–
ന്നങ്ങാവില്ലായവൻനാവിൽനിന്നു്.
പോയതുപോയ് പിന്നെ പോയവഴി
പോയിടാൻനാമുമൊരുങ്ങിടുക
ശീതളമാകട്ടെദുഃഖതാപം
അന്തശ്ശ്രുക്കൾക്കൊന്നായിടട്ടെ.
സന്തോഷപുഞ്ചിരി യുണ്ടാകട്ടെ.
സന്തതാക്കരമുദിച്ചിടട്ടെ.